# AMCSFNCK – Instructions on Online Application for Admission to M.Sc., Post Basic B.Sc. & B.Sc. Nursing 2026-27

## എം.എസ്.സി./ പോസ്റ്റ് ബേസിക്ക് ബി.എസ്.സി./ ബി.എസ്.സി. നഴ്സിംഗ് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നവർക്കുള്ള നിർദ്ദേശങ്ങൾ

**അസ്സോസിയേഷനിൽ അംഗങ്ങളായ 35 ക്രൈസ്തവ നഴ്സിംഗ് കോളേജുകളിൽ എം.എസ്.സി. / പോസ്റ്റ് ബേസിക്ക് ബി.എസ്.സി. / ബി.എസ്.സി. നഴ്സിംഗ് കോഴ്സുകൾക്ക് 2026–27 വർഷത്തിലേക്ക് 50 ശതമാനം സീറ്റുകളിൽ, എൻ.ആർ.ഐ. വിഭാഗം ഒഴികെയുള്ള സീറ്റുകളിലേക്ക് ഏകജാലക സംവിധാനത്തിലുള്ള പ്രവേശനത്തിനായി അസ്സോസിയേഷന്റെ വെബ്സൈറ്റുവഴി ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു:**

1. അസോസിയേഷന്റെ വെബ്സൈറ്റിലെ (www.amcsfnck.com) അഡ്മിഷൻ ലിങ്കിൽ ക്ലിക്ക് ചെയ്ത ശേഷം വിദ്യാർഥിയുടെ സ്വന്തം **ഇ–മെയിൽ വിലാസവും ജനന തീയതിയും WhatsApp ഉപയോഗിക്കുന്ന ഫോൺ നമ്പറും ഉപയോഗിച്ച് ആദ്യം രജിസ്റ്റർ ചെയ്യണം.**

2. രജിസ്റ്റർ ചെയ്ത **WhatsApp നമ്പറിലും ഇ–മെയിൽ വിലാസത്തിലും നിങ്ങൾക്ക് ലോഗ്–ഇൻ ചെയ്യാനുള്ള യൂസർ ഐ.ഡി.യും പാസ്‌വേർഡും** ഉടനെ അയച്ചുതരും.

3. നിങ്ങളുടെ WhatsApp നമ്പറിലോ അല്ലെങ്കിൽ ഇ–മെയിൽ വിലാസത്തിലോ ലഭിക്കുന്ന **യൂസർ ഐ.ഡി.യും പാസ്‌വേർഡും ഉപയോഗിച്ച് ലോഗ്–ഇൻ ചെയ്ത്, പുതിയ പാസ്‌വേർഡ് ഉണ്ടാക്കി ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുക** (പുതിയ പാസ്‌വേർഡ് രഹസ്യമായി സൂക്ഷിക്കേണ്ടതാണ്).

4. **ഓൺലൈൻ അപേക്ഷയിലെ എല്ലാ വിവരങ്ങളും കൃത്യമായി പൂരിപ്പിച്ച്, ഓൺലൈൻ അപേക്ഷയ്ക്കൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ സ്കാൻ ചെയ്ത കോപ്പി Upload ചെയ്തതിനു ശേഷം മാത്രമേ ഏറ്റവും അവസാനത്തിലുള്ള Submit ബട്ടൺ ഉപയോഗിച്ച് അപേക്ഷ ഓൺലൈനായി സമർപ്പിക്കാവൂ. Submit ബട്ടൺ ഒരിക്കൽ ഉപയോഗിച്ചു കഴിഞ്ഞാൽ പിന്നീട് അപേക്ഷകന് തന്റെ അപേക്ഷയിൽ യാതൊരു മാറ്റവും വരുത്താൻ സാധിക്കുകയില്ല എന്ന് പ്രത്യേകം ഓർമിക്കുക.**

5. ഓൺലൈനായി അപേക്ഷ വിജയകരമായി സമർപ്പിച്ചു കഴിഞ്ഞാൽ അപേക്ഷ PDF File ആയി പൂർണ്ണ രൂപത്തിൽ കാണുവാൻ കഴിയും, ആ പേജിന്റെ പ്രിന്റ് എടുക്കുകയും ചെയ്യാം. അപേക്ഷകന്റെ email ൽ ലഭിക്കുന്ന ലിങ്ക് ഉപയോഗിച്ചും ലോഗ്–ഇൻ ചെയ്തും അപേക്ഷ വീണ്ടും കാണാവുന്നതാണ്.

6. **അപേക്ഷയുടെ പ്രിന്റ്-ഔട്ട് അസ്സോസിയേഷൻ ഓഫീസിലോ കോളേജുകളിലോ സമർപ്പിക്കേണ്ടതില്ല. അപേക്ഷയും ആവശ്യപ്പെട്ടിരിക്കുന്ന രേഖകളുടെ സ്കാൻ ചെയ്ത കോപ്പികളും ഓൺലൈനായി മാത്രമാണ് സമർപ്പിക്കേണ്ടത്. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയതി (25.07.2026) ക്കുമുമ്പ് അസോസിയേഷനിൽ ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ മാത്രമേ റാങ്ക്ലിസ്റ്റിനായി പരിഗണിക്കുകയുള്ളൂ.**
7. പ്രവേശന നടപടിക്രമങ്ങളിൽ വീണ്ടും ഉപയോഗിക്കുന്നതിന് **നിങ്ങളുടെ യൂസർ ഐ.ഡി.യും പാസ്‌വേർഡും തുടർന്നും സുരക്ഷിതമായി സൂക്ഷിക്കുകയും** ഉപയോഗിക്കുകയും ചെയ്യുക.
8. അസോസിയേഷന്റെ കീഴിലുള്ള എല്ലാ കോളേജുകളിലേക്കും മാനേജ്മെന്റ് കാറ്റഗറി പ്രവേശനത്തിന് ഒരൊറ്റ ഓൺലൈൻ അപേക്ഷ മാത്രം നൽകിയാൽ മതി.

## ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുമ്പോൾ ആവശ്യമുള്ള കാര്യങ്ങൾ:

1. ആക്ടീവായ ഒരു ഇ-മെയിൽ വിലാസവും WhatsApp ഉപയോഗിക്കുന്ന മൊബൈൽ ഫോൺ നമ്പറും. (ഞങ്ങൾ Gmail ഐഡി ശുപാർശ ചെയ്യുന്നു).
2. പാസ്പോർട്ട് സൈസ് ഫോട്ടോയുടെയും ഒപ്പിന്റെയും സ്കാൻ ചെയ്ത കോപ്പി, അപേക്ഷയോടൊപ്പം upload ചെയ്യേണ്ട രേഖകളുടെ സ്കാൻ ചെയ്ത കോപ്പി എന്നിവ നേരത്തെ തയ്യാറാക്കി വയ്ക്കുക.
   a. Scanned copy of recent (taken after 1st January 2026) passport size colour photograph. Photograph should be taken in a white / light coloured background. The image should be in JPEG format. Maximum size forphotograph 100 KB and image dimension is 120x150 px (4.23x5.29 cm).
   b. Upload scanned copy of student’s signature taken in a white paper background. The image should be in JPEG format. Maximum size for photograph 100 KB and image dimension is 150x75 px (4x2 cm).
   c. Scanned copy of the Certificates. The image should be in JPEG / PDF format. Maximum size for JPEG / PDF file 500 KB.
3. **അപേക്ഷാ ഫീസ്:** എം.എസ്.സി., ബി.എസ്.സി., പോസ്റ്റ് ബേസിക്ക് ബി.എസ്.സി. നഴ്സിംഗ് കോഴ്സുകൾക്ക് 1,200/- രൂപയാണ് അപേക്ഷാ ഫീസ്.
4. അപേക്ഷാ ഫീസ് ഓൺലൈൻ പേമെന്റ് വഴിയോ, സൗത്ത് ഇന്ത്യൻ ബാങ്കിലടയ്ക്കാവുന്ന ചലാൻ വഴിയോ അടയ്ക്കാവുന്നതാണ്.

a. **ഓൺലൈൻ പേമെന്റ് വഴി അപേക്ഷാ ഫീസ് അടയ്ക്കുന്നതിന്** വെബ്സൈറ്റിൽ ലോഗ്-ഇൻ ചെയ്തതിനു ശേഷം ഓൺലൈൻ പേമെന്റ് ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ ബാങ്കിങ് വഴിയോ, UPI / ഡെബിറ്റ് / ക്രെഡിറ്റ് കാർഡ് വഴിയോ പണം അടയ്ക്കുക.

b. **സൗത്ത് ഇന്ത്യൻ ബാങ്കുവഴി അപേക്ഷാ ഫീസ് അടയ്ക്കുന്നതിന്** വെബ്സൈറ്റിൽ ലോഗ്-ഇൻ ചെയ്ത് വിദ്യാർത്ഥിയുടെ പേരും മറ്റ് വിവരങ്ങളും പൂരിപ്പിച്ച ശേഷം ചലാന്റെ പ്രിന്റ്-ഔട്ട് എടുക്കുക. ഈ ചലാനുപയോഗിച്ച് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഏതെങ്കിലും ശാഖയിൽ അപേക്ഷാ ഫീസ് അടയ്ക്കുക. തുടർന്ന് ഓൺലൈൻ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന ഭാഗത്ത് അപേക്ഷാ ഫീസ് അടച്ച ശാഖയുടെ സ്ഥലവും തീയതിയും പൂരിപ്പിക്കുക. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് ചലാന്റെ AMCSFNCK കോപ്പിയുടെ ഭാഗം Scan ചെയ്ത് Upload ചെയ്യേണ്ടതാണ്.

5. ഓൺലൈനായി രേഖപ്പെടുത്തേണ്ട വിശദാംശങ്ങൾ (ഉദാ: യോഗ്യതാ പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ, മാർക്ക് ഷീറ്റുകൾ, മൈനോരിറ്റി / കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ആധാർ, മറ്റു റിസർവേഷൻ രേഖകൾ) തെളിയിക്കുന്നതിനുള്ള **രേഖകളുടേയും സർട്ടിഫിക്കറ്റുകളുടെയും കോപ്പികൾ Scan ചെയ്ത് ഓൺലൈൻ അപേക്ഷയ്ക്കൊപ്പം upload ചെയ്യേണ്ടതാണ്.**

## കോളേജ് ഓപ്ഷൻ രജിസ്ട്രേഷൻ:

1. **ഓരോ അപേക്ഷകനും പ്രവേശനം നേടാനാഗ്രഹിക്കുന്ന കോളേജുകൾ മുൻഗണനാക്രമാനുസരണം തിരഞ്ഞെടുക്കാനുള്ള അവസരവും ഓൺലൈൻ അപേക്ഷയോടൊപ്പമാണ്.**

2. **ഓരോ അപേക്ഷകനും താത്പര്യമുള്ള കോളേജുകളിലേക്കു മാത്രം (ഓരാൾക്ക് പരമാവധി പതിനഞ്ച് കോളേജുകളിലേക്ക് ഓപ്ഷൻ നല്കാനുള്ള അവസരമുണ്ട്) ഓപ്ഷൻ രേഖപ്പെടുത്തേണ്ടതാണ്.** ഒരിക്കൽ ഓൺലൈനായി submit ചെയ്തു കഴിഞ്ഞാൽ, പിന്നീട് തിരഞ്ഞെടുത്ത കോളേജുകളോ അവയുടെ മുൻഗണനാ ക്രമമോ മാറ്റുവാൻ സാധിക്കുകയില്ല എന്നതിനാൽ ഓപ്ഷൻ രജിസ്ട്രേഷൻ ശ്രദ്ധാപൂർവ്വം നിർവ്വഹിക്കേണ്ടതാണ്. (Applicants shall choose the names of the Colleges in the order of their preference/choice from the drop down table menu that displays the names of colleges in the alphabetical order of their names against each serial number. Applicants will not get an opportunity to rearrange College choices later on. Therefore, applicants are requested to make the preferential choices diligently).

## വാർഷിക ഫീസ് ഘടന

2026-27 അഡ്മിഷൻ ബാച്ചിനായുള്ള ഫീസ് ഘടന അന്തിമമാക്കുന്നതിനായി, അസോസിയേഷന് കീഴിലുള്ള ഓരോ കോളേജും ഫീസ് നിയന്ത്രണ സമിതിക്ക് (Fee Regulatory Committee) തങ്ങളുടെ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. സമിതി ഇതുവരെ ഇക്കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. അഡ്മിഷൻ നടപടികൾ ആരംഭിച്ചതിന് ശേഷമാണ് ഉത്തരവ് പുറപ്പെടുവിക്കുന്നതെങ്കിൽ പോലും, സമിതി പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള ഫീസ് തന്നെയായിരിക്കും ബാധകമാകുക. കഴിഞ്ഞ വർഷം പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കിയ ഫീസിന്റെ വിവരങ്ങൾ താഴെ നൽകുന്നു:

- **ബി.എസ്.സി. നഴ്സിംഗ് / പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ്:**
  **80,328 രൂപ ട്യൂഷ്യൻ ഫീസും 23,980 രൂപ സ്പെഷൽ ഫീസും**
- **എം.എസ്.സി. നഴ്സിംഗ്:**
  **1,10,000 രൂപ ട്യൂഷ്യൻ ഫീസും 55,000 രൂപ സ്പെഷൽ ഫീസും**

**നിർദ്ദേശിച്ചിരിക്കുന്ന രേഖകളുടേയും സർട്ടിഫിക്കറ്റുകളുടെയും കോപ്പികൾ scan ചെയ്ത് upload ചെയ്ത അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കേണ്ട അവസാന തിയതി:**
**2026 ജൂലൈ 25 (ശനി)**

---

**കൂടുതൽ വിവരങ്ങൾക്ക് www.amcsfnck.com സന്ദർശിക്കുക**